©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 15**<br>Vol. XV | **തിരുവനന്തപുരം, വെള്ളി**<br>Thiruvananthapuram, Friday | **2026 ഫെബ്രുവരി 20**<br>20th February 2026<br>**1201 കുംഭം 8**<br>8th Kumbham 1201<br>**1947 ഫാൽഗുനം 1**<br>1st Phalguna 1947 | **നമ്പർ**<br>No. | **706** |

**കേരള സർക്കാർ**

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(സാധാ) നം. 832/2026/ജിഎഡി തിരുവനന്തപുരം, 19/02/2026

മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള അഞ്ച് കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേക്കായി 18/02/2021 ലെ എസ്ഡി1/100/2018/പൊഭവ വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും 01/02/2024 ലെ സ.ഉ.(സാധാ) നം. 508/2024/പൊഭവ പ്രകാരം 548 പേരടങ്ങിയ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പുനഃപരിശോധിച്ച് 05/06/2024 ലെ സ.ഉ.(സാധാ) നം. 2463/2024/പൊഭവ പ്രകാരം സെലക്ട് ലിസ്റ്റ് പരിഷ്കരിച്ചിരുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

05/06/2024 ലെ സ.ഉ.(സാധാ) നം. 2463/2024/പൊഭവ പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും അർഹരായ 249 കായികതാരങ്ങൾക്ക് 24/01/2025 ലെ സ.ഉ.(കൈ) നം. 7/2025/പൊഭവ പ്രകാരം വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം നിയമനാനുമതി നൽകിയതിൽ ജോലിയിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് പകരം നിയമനം നൽകുന്നതിലേക്കായി 2015, 2016 വർഷങ്ങളിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങളുടെ വിഭാഗത്തിലും 2016 വർഷത്തിൽ പൊതുവിഭാഗത്തിലും ആവശ്യത്തിന് ഉദ്യോഗാർത്ഥികൾ ലഭ്യമല്ല. 03/01/2026 ന് ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിക്കുകയും 2015, 2016 വർഷങ്ങളിൽ വിഭിന്നശേഷിയുള്ള കായികതാരങ്ങളുടെ വിഭാഗത്തിലും 2016 വർഷത്തിൽ പൊതുവിഭാഗത്തിലും ശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനായി 12 കായികതാരങ്ങളെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സെലക്ഷൻ കമ്മിറ്റി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന 12 കായികതാരങ്ങളെക്കൂടി ഉൾപ്പെടുത്തി 05/06/2024 ലെ സ.ഉ.(സാധാ) നം. 2463/2024/പൊഭവ സെലക്ട് ലിസ്റ്റിലെ റിസർവ്വ് ലിസ്റ്റ് വിപുലീകരിച്ച് ഉത്തരവാകുന്നു.

| **പൊതുവിഭാഗം** | | | | | |
|---|---|---|---|---|---|
| **2016 ടീം** | | | | | |
| ക്രമ നം. | കായികതാരത്തിന്റെ പേര് | ജനനത്തീയതി | കായികയിനം | പ്രയോരിറ്റി പോയിന്റ് | റിമാർക്സ് |
| 1 | ABHIJITH A J | 20/05/1994 | അക്വാട്ടിക്സ് | 20 | |
| 2 | UBAID P | 28/05/1994 | ഫുട്ബോൾ | 20 | |
| 3 | BENCY P ROY | 30/06/1994 | അത്‌ലറ്റിക്സ് | 20 | |
| 4 | NEENU MARIA FRANCIS | 11/09/1994 | ഫെൻസിംഗ് | 20 | |
| 5 | ANAGHA P S | 05/12/1994 | ഫെൻസിംഗ് | 20 | |
| 6 | AKHILRAJ O S | 13/03/1995 | വോളിബോൾ | 20 | |
| **വിഭിന്നശേഷിയുള്ളവരുടെ വിഭാഗം** | | | | | |
| **2015 വ്യക്തിഗതം** | | | | | |
| 1 | ABDUL SALAM M | 26/05/1991 | പവർലിഫ്റ്റിംഗ് | 7 | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| 2016 വ്യക്തിഗതം | | | | | |
|---|---|---|---|---|---|
| 1 | GLADIN THOMAS | 24/03/1997 | അത്‌ലറ്റിക്സ് | 7 | |
| **2016 ടീം** | | | | | |
| 1 | GLADIN THOMAS | 24/03/1997 | അത്‌ലറ്റിക്സ് | 5 | |
| 2 | PRAVEEN DEV | 05/05/1984 | ടെന്നീസ് | 6 | |
| 3 | BABY JOY | 21/09/1985 | ടെന്നീസ് | 6 | |
| 4 | JOJI MAMMEN | 08/04/1991 | ഫുട്ബോൾ | 6 | |

2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി / കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ളതും വരാൻ സാധ്യതയുള്ളതുമായ ഹർജികളുടെ ഉത്തരവിന് വിധേയമായിട്ടായിരിക്കും സെലക്ട് ലിസ്റ്റിന്മേലുള്ള അനന്തര നടപടികൾ. ഈ സെലക്ട് ലിസ്റ്റിനെതിരെ ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ആയത് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കകം "സെക്രട്ടറി, പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 1" എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

18/02/2021 ലെ എസ്.ഡി.1/100/2018-പൊഭവ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്കും ശേഷിക്കുന്ന ഒഴിവുകളുടെ എണ്ണത്തിനും വിധേയമായിരിക്കും ഈ സെലക്ട് ലിസ്റ്റിൽ നിന്നുള്ള നിയമനം. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴുള്ള രേഖകളോ, സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ സമർപ്പിച്ച സത്യപ്രസ്താവനയോ, മറ്റേതെങ്കിലും രേഖകളോ വ്യാജമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ടിയാളുകളെ യാതൊരു മുന്നറിയിപ്പും കൂടാതെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ ബിജു ഐ എ എസ്**
സെക്രട്ടറി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.20 02:24:56 +05:30